ഉത്തരം

(എ) 7 റോഡുകൾ

(ബി) റോഡ് വീതികൂട്ടുന്നതിന് ആവശ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണവും സർവ്വേ നമ്പരും മറ്റും നിർണ്ണയിച്ച് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(സി) പ്രസ്തുത റോഡിന്റെ വീതികൂട്ടുന്നതിന് തൽക്കാലം പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

കെ. എസ്.റ്റി.പി. പദ്ധതി

69 [667] ശ്രീ. എം.എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി. പദ്ധതിയിൽപ്പെടുത്തി ഏതെല്ലാം റോഡുകളുടെ പണിയാണ് നടത്തി വരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) കായംകുളം-കാർത്തികപ്പള്ളി റോഡിന്റെ പണികൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) കായംകുളം റ്റി.ബി. റോഡിന്റെ വീതി വർദ്ധിപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കായംകുളം റസ്റ്റ് ഹൗസിന്റെ സ്ഥലം വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത നിവേദനത്തിൻമേൽ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ലോകബാങ്ക് സഹായത്തോടെ റോഡ് വികസനത്തിനായി കെ. എസ്.ടി.പി. 6 അപ്ഗ്രഡേഷൻ പദ്ധതികളും 36 ഹെവി മെയിന്റനൻസ് പദ്ധതികളുമാണ് ഏറ്റെടുത്തിട്ടുള്ളത്. റോഡുകളുടെ ലിസ്റ്റ് പ്രത്യേകം ചേർക്കുന്നു.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ആയതിൽ കായംകുളം കാർത്തികപ്പള്ളി റോഡിന്റെ പണി ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല.

(സി) യും (ഡി) യും ഇക്കാര്യം പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

2004-05-ൽ മരാമത്ത് വകുപ്പ് ഏറ്റെടുത്ത വയനാട് നിയോജകമണ്ഡലത്തിലെ റോഡുകൾ

70 [668] ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കേ വയനാട് നിയോജകമണ്ഡലത്തിൽപ്പെടുന്ന ഏതെങ്കിലും റോഡ് 2004-05-ൽ മരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly